ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം – സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനകാര്യം (ഡി) - ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാർക്ക് ₹. 23700-52600/- ശമ്പള നിരക്കിലുള്ള നോൺ ടെക്നിക്കൽ അറ്റൻറർ തസ്തികയിൽ തസ്തികമാറ്റ നിയമനം -അനുവദിച്ച് - ഭേദഗതി ചെയ്ത്- ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ഡി) വിഭാഗം**

**നം. ED2/43521/16/DTE** **തിരുവനന്തപുരം,**

**യതി : 10-02-2025**

---

വായന :- 1. **03.02.2025** തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്.

2. ശ്രീമതി നിഷ ഒ.എം. **4/2/2025** തീയതിയിൽ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

മേൽ വായന ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ വിവിധ ജീവനക്കാർക്ക് നോൺ ടെക്നിക്കൽ അറ്റൻറർ തസ്തികയിൽ തസ്തികമാറ്റ നിയമനം അനുവദിച്ച് ഉത്തരവായിരുന്നു. ക്രമ നം. 46 (സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ 615) ശ്രീമതി നിഷ ഒ.എം. നിലവിലെ സ്ഥാപനത്തിൽ തന്നെ തുടരുന്നതിന് അപേക്ഷ വായന(2) പ്രകാരം സമർപ്പിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ക്രമ നം. 45 (സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ 613) ഓഫീസ് അറ്റൻഡൻറ് ശ്രീ അഭിലാഷ് എം.ആർ. നെ നിയമിച്ചിരുന്ന കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്ക് മാറ്റി നിയമിച്ചും, ക്രമ നം. 46 (സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ 615) ശ്രീമതി നിഷ ഒ.എം. നെ നിയമിച്ചിരുന്ന കോട്ടക്കൽ സർക്കാർ വനിതാ പോളിടെക്നിക് കോളേജിൽ നിന്നും കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്കു മാറ്റി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

അതോടൊപ്പം ടി ഉത്തരവിലെ ക്രമ നം. 34 (സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ 589 ) ഓഫീസ് അറ്റൻഡൻറ് ശ്രീ പ്രശാന്തൻ കെ. ബി. നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് എന്നുള്ളത് നടുവിൽ ടെക്നിക്കൽ ഹൈസ്കൂൾ എന്നു തിരുത്തിയും ഉത്തരവാകുന്നു.

മേൽ ഭേദഗതികളോടെ വായന (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

Signed by
Shalij P R
Date: 10-02-2025 16:49:57

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. സി.എ. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2. സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം.
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി